Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
Ref: 789 /KCBC/K-6/KPR/DS

16.04.2021

**അഡ്വ. വിതയത്തിൽ പ്രതിബദ്ധതയുടെ അൽമായവ്യക്തിത്വം:**
**കർദിനാൾ ജോർജ് ആലഞ്ചേരി**

കാക്കനാട്: സീറോമലബാർസഭയുടെ അൽമായ ഫോറം സെക്രട്ടറിയും കേരളസർക്കാരിന്റെ കാർഷിക കടാശ്വാസ കമ്മീഷൻ അംഗവുമായ അഡ്വ. ജോസ് വിതയത്തിലിന്റെ നിര്യാണത്തിൽ കെ. സി. ബി. സി. പ്രസിഡും സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുശോചിച്ചു. അഡ്വ. ജോസ് വിതയത്തിലിന്റെ വേർപാടിലൂടെ ചരിത്രത്തിന്റെ ഭാഗമാകുന്നത് പ്രതിബദ്ധതയുടെ അൽമായവ്യക്തിത്വമാണെന്നു കർദിനാൾ അനുസ്മരിച്ചു.

കെ. സി. ബി. സി. അൽമായ കമ്മീഷൻ സെക്രട്ടറി, എറണാകുളം-അങ്കമാലി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, കത്തോലിക്കാ കോൺഗ്രസ്സിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിലും അഡ്വ. വിതയത്തിൽ നൽകിയ സംഭാവനകൾ നിസ്തുലങ്ങളാണെന്നും തന്റെ അനുശോചന സന്ദേശത്തിൽ കർദിനാൾ മാർ ആലഞ്ചേരി പറഞ്ഞു. സഭാരംഗത്തും രാഷ്ട്രീയരംഗത്തും പൊതുരംഗത്തും മാതൃകാപരമായി പ്രവർത്തിച്ചിരുന്ന അഡ്വ. വിതയത്തിൽ സഭൈക്യത്തിന്റെയും മതസൗഹാർദത്തിന്റെയും ശക്തനായ വക്താവായിരുന്നു. എല്ലാവരെയും ഉൾക്കൊള്ളാനും എല്ലാവരുമായും സഹകരിച്ചു പ്രവർത്തിക്കുവാനും അദ്ദേഹത്തിനു സാധിച്ചു. തന്റെ ബോധ്യങ്ങളും ആദർശങ്ങളും മുറുകെപ്പിടിച്ചപ്പോഴും ആരെയും അവഗണിക്കാതെ അനുകരണീയമായ ജീവിതശൈലി രൂപപ്പെടുത്തിയ അഡ്വ. ജോസ് വിതയത്തിൽ കേരള ക്രൈസ്തവസമൂഹത്തിനും പൊതുസമൂഹത്തിനും നൽകിയ സേവനങ്ങൾ എക്കാലവും ഓർമ്മിക്കപ്പെടുമെന്നും കർദിനാൾ മാർ ആലഞ്ചേരി അനുസ്മരിച്ചു.

ഫാ.ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി

ഡെപ്യൂട്ടി സെക്രട്ടറി ജനറാൾ/സഭാവക്താവ്/ ഡയറക്ടർ പി.ഒ.സി

**PRESIDENT**
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

**VICE-PRESIDENT**
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

**SECRETARY GENERAL**
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

**DEPUTY SECRETARY GENERAL**
FR. JACOB G. PALACKAPPILLY
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com